**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 533** | **20-03-2023 - ൽ മറുപടിയ്ക്ക്**

**ബഫർസോണിനുള്ളിലെ നിർമ്മിതികൾ സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ ബഫർസോണിനുള്ളിലെ നിർമ്മിതികൾ സംബന്ധിച്ച് വിദഗ്ദ്ധ സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ബഹു. സുപ്രീംകോടതിയുടെ W.P (C) 202/1995 നം കേസ്സിലെ I.A. 1000/ 2003 നമ്പർ ഹർജ്ജിയിലെ 03.06.2022ലെ ഉത്തരവിലെ ഖണ്ഡിക 44 (സി) യിൽ നിർദ്ദേശിക്കുന്ന രീതിയിലുള്ള വിവര ശേഖരണം ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ KSREC മുഖേന നടത്തിയിരുന്നു.<br><br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജന അഭിപ്രായം കൂടി കണക്കിലെടുത്തു കൊണ്ട് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.<br><br>28.12.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 580/2022/വനം നമ്പർ പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 28.02.2023 വരെ ദീർഘിപ്പിച്ചു നൽകി. വിദഗ്ധ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച ഭൗതിക സ്ഥല പരിശോധ പൂർത്തിയാക്കി 01.03.2023-ൽ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്. |
| (ബി) | അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും പരാതികളും സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഭൗതിക സ്ഥല പരിശോധന നടത്തുന്നതിനായി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി പൊതുജന പങ്കാളിത്തത്തോടെയാണ് ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.<br><br>ആയതിനായി കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തു കൊണ്ട് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടുത്തികൊണ്ട് വെബ് സൈറ്റിൽ പ്രദ്ധീകരിച്ചു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ പഞ്ചായത്ത് / നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിൽ ജനുവരി 7-നകം അറിയിക്കുന്നതിനാണ് അവസരം നൽകിയിരുന്നത്. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച 63,615 പരാതികൾക്ക് പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന 81258 അസ്സറ്റുകൾ അപ് ലോഡ് ചെയ്തിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ? | (സി) | ഭൗതിക സ്ഥല പരിശോധന നടത്തുന്നതിന് രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് 01.03.2023ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ തലത്തിൽ പഠനവിധേയമാക്കിക്കൊണ്ട് ബഹു.സുപ്രീം കോടതിയിൽ സമർപ്പിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ സംരക്ഷിത വനമേഖലയ്ക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജനവാസ മേഖലകൾ ഒഴിവാക്കി ലഭിക്കുന്നതിനായുള്ള ഭരണപരവും നിയമപരവുമായ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും സർക്കാർ / അർദ്ധ സർക്കാർ / പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തു നിന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസലുകൾ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. അതിനായി ബഹു.സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ 17.08.2022-ൽ തന്നെ ഡയറി നം. 25588/2022 ആയി പുന:പരിശോധനാ ഹർജ്ജി ഫയൽ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03.06.2022 ലെ വിധിയിൻ മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ ഹർജ്ജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ (ഐ.എ.നം. 5764/2023) ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതി 16.01.2023ൽ ആയത് പരിഗണിക്കുകയും, തുടർവാദം മൂന്നംഗ ബഞ്ച് കേൾക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ